പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6381 11-07-2012 -ൽ മറുപടിക്ക്.

## വ്യാജമദ്യ ഉൽപ്പാദനവും ഉപഭോഗവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| വ്യാജമദ്യ ഉൽപ്പാദനവും ഉപഭോഗവും നിർത്തലാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | വ്യാജമദ്യ ഉൽപ്പാദനവും, വില്പനയും, വിപണനവും, അബ്കാരി കുറ്റകൃത്യങ്ങളും നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ശക്തമായ നിയമ നടപടികളും ഫലപ്രദമായ ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നുണ്ട്. മദ്യത്തിൻെറ വിപണനം വർദ്ധിപ്പിക്കാനോ, മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ ഉതകുന്ന ഒരു നടപടികളും സർക്കാർ സ്വീകരിക്കുന്നില്ല. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യ ശീലങ്ങളിൽ നിന്നും കേരള ജനതയെ വിമുക്തരാക്കുന്നതിനുള്ള പരിശ്രമങ്ങളാണ് നിരന്തരമുള്ള മദ്യ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സർക്കാർ ചെയ്തു വരുന്നത്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി വ്യാജമദ്യത്തിന്റെ ലഭ്യത തടഞ്ഞിട്ടുണ്ട്. ഇതുകൂടാതെ, കുടുംബശ്രീ, മദ്യനിരോധന സമിതി, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെയും, പോലീസ്, വനം, റവന്യൂ എന്നീ വകുപ്പുകളുടെയും സഹകരണത്തോടെയും സംയുക്ത റെയ്ഡുകൾ നടത്തി വരുന്നു. സ്പിരിറ്റ്, ചാരായം, കഞ്ചാവ്, അനധികൃതമദ്യം, കോട, ഇവ കടത്തിയ വാഹനങ്ങൾ എന്നിവ പിടിച്ചെടുത്ത് കേസുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾ തടയുന്നതിന് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് അത്യാധുനിക ആയുധങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, 110 പുതിയ പിസ്റ്റളുകളും, മൊബൈൽ ഫോണുകളും, വയർലെസ് സംവിധാനങ്ങളും ഈ സർക്കാർ അധികാരമേറ്റ ശേഷം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ